(ബി) പ്രസ്തുത പ്രവൃത്തി എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ;

(സി) പ്രസ്തുത പ്രവൃത്തിക്കായി നേരത്തെ അനുവദിച്ച 4.60 കോടി രൂപയിൽ അവശേഷിക്കുന്ന തുക കൂടി പ്രസ്തുത ഗ്രൗണ്ടിൽ ഗാലറി നിർമ്മിക്കാൻ അനുവദിക്കുമോ ?

ഉത്തരം

(എ) സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിനുള്ള സബ്ബ് ബെയ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ടർഫ് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടർഫ് എത്തുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതും ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതുമാണ്.

(ബി) 2.66 കോടി രൂപയ്ക്കാണ് പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്തിട്ടുള്ളത്.

(സി) നിലവിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായശേഷം, തുകയുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

അവധിക്കാല കായികപരിശീലന പരിപാടി

309 (313) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് കായിക പ്രേമികളായ സ്കൂൾ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി സഹകരിച്ച് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ 2015 മേയ് 16 മുതൽ 280 ഓളം കുട്ടികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി വരുംവർഷങ്ങളിലും തുടർന്നുകൊണ്ടുപോകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ 2015-ലെ വേനലവധിക്കാലത്ത് ഒരു കായിക പരിശീലനപദ്ധതി ആരംഭിച്ചിരുന്നു. എല്ലാ വർഷവും ഏപ്രിൽ/മേയ് മാസങ്ങളിൽ കായിക തത്പരരായ 16 വയസ്സിനു താഴെയുള്ള വിദ്യാർത്ഥികൾക്കാണ് (സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ) കായിക പരിശീലനം നടത്തുന്നത്. എല്ലാ വേനലവധിക്കാലത്തും ശ്രീപാദം സ്റ്റേഡിയത്തിൽ പരിശീലന പരിപാടി സംഘടിപ്പിയ്ക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly